തൊഴിലാളികൾ

* ൧൪൨. (൨൭) ശ്രീ. പി. കെ. കുമാരൻ ഒാചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഈ സംസ്ഥാനത്ത് എത്ര തൊഴിലാളികൾ ഉണ്ട്; അതിൽ എത്ര പേർ ഫാക്ടറിത്തൊഴിലാളികളാണ്;

(ബി) ചില ഫാക്ടറികൾ അടച്ചിട്ടിരിക്കുന്നതുമൂലം തൊഴിലില്ലാത്തവരായിത്തീർന്നിട്ടുള്ളവർ എത്ര;

(സി) തൊഴിലില്ലാത്തവർക്ക് തൊഴിലുണ്ടാക്കി കൊടുക്കുന്നതിനു് ഗവൺമെണ്ടു് എന്തെങ്കിലും ചെയ്യുന്നുണ്ടോ;

(ഡി) ഭവനവിൻമ്മാണപദ്ധതിയനുസരിച്ചു് എത്ര തൊഴിലാളികൾക്ക് ഭവനം ഉണ്ടാക്കി കൊടുത്തിട്ടുണ്ടു്?

Minister for Education, Civil Supplies and Labour **(Sri. T. K. Narayana Pillai)** The answer is not ready.

ഗവൺമെണ്ടു് ഏറെറടുത്ത വ്യവസായങ്ങൾ

* ൧൪൩. (൨൮) ശ്രീ. പി. കെ. കുമാരൻ ഒാചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി ഗവൺമെണ്ടു് ഏറെറടുത്തിട്ടുള്ള വ്യവസായങ്ങൾ ഏതെല്ലാം;

(ബി) ആ വ്യവസായങ്ങൾക്കു് ആകെ മുടക്കിയിട്ടുള്ള സംഖ്യ എത്ര;

(സി) ഓരോന്നിൽനിന്നും ആകെ കിട്ടിയിട്ടുള്ള ആദായമെത്ര?

വിദ്യാഭ്യാസവും, കൃഷിയും, തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള) :(എ), (ബി), (സി).

(എ) റബ്ബർ ഫാക്ടറി. മുടക്കിയിട്ടുള്ള സംഖ്യ ൫൹൹ ൫ ലക്ഷം രൂപയാണു്. അതിൽനിന്നും ആകെ കിട്ടിയിട്ടുള്ള ആദായം, അതായതു് ഗവൺമെണ്ടു് ഏറെറടുത്തതിനുശേഷം ൧൯൫൦ മാർച്ചു് ൩൧-ാംതു- വരെയുള്ള ആദായം ൧൦,൭൦൭ രൂപയാണു്.

(൨) പ്ലൈവുഡു് ഫാക്ടറി, മുതൽമുടക്കു് ൧൦ ലക്ഷം രൂപ. ലാഭം ൫,൫൫,൹൦൭ രൂപ.

(൩) സിറാമിക്കു് ഫാക്ടറി. മുടക്കു് ൧൨,൹൨,൹൭൭ രൂപ ൧൨൦-മുതൽ ൧൨൫-വരെ കിട്ടിയിട്ടുള്ള ലാഭം ൭,൫൹,൹൨൭ രൂപ.

(൫) വഞ്ചി ക്ലേമയിൻസു്. മുടക്കു് ൨൹൫ ലക്ഷം രൂപ. ഗവൺമെണ്ടു് ഏറെറടുത്തതിനുശേഷം ഇതിന്റെ പ്രവർത്തനം നടന്നിട്ടില്ല. അതുകൊണ്ടു് ആദായത്തെപ്പററി പറയാൻ നിവൃത്തിയില്ല.

(൬) ട്രാവൻകൂർ മിനറൽസു്. മുടക്കു് ൧൫ ലക്ഷം രൂപ. ഇതിൽനിന്നും റായൽറ്റിക്കും പുറമേ ഗവൺമെണ്ടിനു് ൨,൫൫,൦൦൦ രൂപ ആദായം കിട്ടിയിട്ടുണ്ടു്.

ശ്രീ. വി. ഗംഗാധരൻനായർ: ഗവൺമെണ്ടു് ഏറെറടുത്തതിനുശേഷം പ്രവർത്തനം നടത്തിയിട്ടുള്ള ഇൻഡസ്ട്രീസു് ഏതെല്ലാമാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിന്റെ വിവരങ്ങളാണു് ഇപ്പോൾ വായിച്ചതു്. വഞ്ചി ക്ലേമയിൻസു് ഒഴികെ ബാക്കിയുള്ള ഇൻഡസ്ട്രീസു് എല്ലാം പ്രവർത്തനം നടത്തുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഗംഗാധരൻനായർ : എ. എം. സി. ഗവമ്മെണ്ടു് ഏറെറടുത്തതി നശേഷം ഇതുവരെ യാതൊരു പ്രവത്തനവും നടന്നിട്ടില്ലെന്നു ഗവമ്മെണ്ടിനു് അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഏറെറടുത്തിട്ടു് ഇപ്പോൾ ഏകദേശം മൂന്നാഴ്ചമാത്രമേ ആയിട്ടുള്ളു. അതിനകം പ്രവത്തനത്തിനു് ആവശ്യമായ പ്രാരംഭജോലികൾ നടത്തിക്കൊണ്ടിരിക്കയാണു്.

സാഹിബു് ബഹദൂർ കെ. എ. മുഹമ്മദു് : ഗവമ്മെണ്ടു് ഏറെറടുത്തതിനുശേഷം ഇന്നലെ വൈകിട്ടു് മണിവരെ യാതൊരു പ്രവത്തനവും അവിടെ നടന്നിട്ടില്ലെന്നു് ഞാൻ പറയുമ്പോൾ ഗവമ്മെണ്ടു് അതു വിശ്വസിക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള : കമ്പനിയുടെ പ്രവത്തനത്തിനു് ആവശ്യമായ പ്രാരംഭനടപടികൾ, അതായതു് മെഷ്യനറികൾ വരുത്തുക, അതു സ്ഥാപിക്കുക, അതിലേക്കു് ആവശ്യമുള്ള കെട്ടിടങ്ങൾ തയ്യാറാക്കുക മുതലായവ ചെയ്തുകൊണ്ടിരിക്കുകയാണു്.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ : വഞ്ചി ക്ലേമയിൻസിന്റെ ജോലി ഇതുവരെ തുടങ്ങാതിരുന്നതു് എന്തുകൊണ്ടാണു്?

ശ്രീ. ടി. കെ. നാരായണപിള്ള : ഫൻ ര വു മാച്ചുമാസത്തിലാണു് വഞ്ചി ക്ലേമയിൻസു് ഗവമ്മെണ്ടു് ഏറെറടുത്തതു്. അതിനുമുമ്പുതന്നെ അവിടെ യാതൊരു പ്രവത്തനവും നടക്കുകയുണ്ടായില്ല. മെസ്സേഴ്സു് ബലൂബായി ആൻഡു് കമ്പനിയാണു് ഈ കമ്പനി നടത്തിക്കൊണ്ടുപോയതു. ഒടുവിൽ അവർ അതിട്ടിട്ടുപോയി. ഗവമ്മെണ്ടിനു് അവരിൽനിന്നും ഏതാനും സംഖ്യ ഈടാക്കുവാനുണ്ടു്. ഈ തുക ഈടാക്കാൻ മറെറാന്നും ഒന്നും ഇല്ലായിരുന്നു. അതുകൊണ്ടാണു് ഗവമ്മെണ്ടു് ഈ കമ്പനി ഏറെറടുത്തതു്.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ : അതിന്റെ നടത്തിപ്പിനെപ്പററി സിറാമിക്കു് എക്സ്പട്ടുമായി ഗവമ്മെണ്ടു് ആലോചിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഉണ്ടു്.

ശ്രീ. വി. ഗംഗാധരൻനായർ : ഈ ഫാക്ടറി ഗവമ്മെണ്ടു് ഏറെറടുത്തിട്ടു രണ്ടുകൊല്ലമായെങ്കിലും ഇതുവരെ പ്രവത്തനം തുടങ്ങിയിട്ടില്ല. അതേപ്പററി ആലോചിച്ചുകൊണ്ടിരിക്കുന്നു എന്നു് ഗവമ്മെണ്ടു പറഞ്ഞു. എന്നാണു് ഇതുസംബന്ധിച്ചുള്ള അവസാനതീരുമാനം ഉണ്ടാകുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള : കഴിയുന്നതും വേഗത്തിൽ ഉണ്ടാകും.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ : പ്രൈവറു എജൻസികൾ ആരെങ്കിലും ഈ കമ്പനി ഗവമ്മെണ്ടിനോടു് ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : അങ്ങിനെ ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽപെട്ടിട്ടില്ല.

സാഹിബു് ബഹദൂർ കെ. എ. മുഹമ്മദു് : വഞ്ചി ക്ലേമയിൻസു് സ്ഥാപിച്ച കമ്പനിക്കാർ അതിന്റെ പ്രവത്തനം ആരംഭിക്കാതെയിരുന്നതു് എന്തുകൊണ്ടാണു്?

ശ്രീ. ടി. കെ. നാരായണപിള്ള : അതേപ്പററി ഗവമ്മെണ്ടിനു് നിശ്ചയമില്ല.

പുതിയ ബസ്സുകൾ

*ഫർ ര. (ഡ ൻ) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

LIBRARY ARCHIVES Kerala Legislative Assembly